<u>*ഭരണഭാഷ-മാതൃഭാഷ*</u>

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

**Phone : 0471-2324951**
**0471-2325071**
**TeleFAX:0471-2324951**
**email: celsgd@gmail.com**
**website: www.celsgd.com**

**നം: ഡിബി1/7942/2010/സിഇ/തസ്വഭവ** **തീയതി: 29.04.2016**

## <u>സർക്കുലർ</u>

വിഷയം : തസ്വഭവ - പൊതുമരാമത്ത് പ്രവൃത്തികൾ - ഇ-ടെണ്ടർ നടപ്പാക്കിയത് മൂലമുള്ള സാമ്പത്തിക നേട്ടങ്ങൾ - വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന : സർക്കാരിന്റെ 07.05.2014 ലെ 74/2014/തസ്വഭവ നമ്പർ ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2015-16 സാമ്പത്തിക വർഷത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖാന്തിരം നടപ്പാക്കിയതുമൂലം, മിക്ക പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിനെക്കാളും താഴ്ന്ന നിരക്കിലാണ് കരാറുകാർ ഏറ്റെടുക്കുന്നതായും തൻമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും സാമ്പത്തികമായി അധികനേട്ടമുള്ളതായും കാണുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലാണ് ഇ-ടെണ്ടറിംഗ് നടപ്പിൽ വരുത്തിയത്. ആയതിനാൽ ഇ-ടെണ്ടർ നടപ്പാക്കിയതുമൂലം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉണ്ടായ സാമ്പത്തിക നേട്ടം സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെ റിപ്പോർട്ട് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും, മുനിസിപ്പാലിറ്റികളിലെ റിപ്പോർട്ട് ദക്ഷിണ/ഉത്തര മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറും കോർപ്പറേഷനിലെ റിപ്പോർട്ട് അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറും നേരിട്ട് ഈ ഓഫീസിൽ മെയ് 15 നുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

പകർപ്പ് : 1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ ദക്ഷിണ/ ഉത്തരമേഖല
2) എല്ലാ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്കും